KSACS

**Kerala State AIDS Control Society**
Red Cross Road
Thiruvananthapuram - 695035
www.ksacs.in

Phone: +91 471 2304882,2304704,2303763, Fax: +91 471 2305183 email: keralasacs@gmail.com

04-12-09

# എച്ച്ഐവി നിയന്ത്രണം: വ്യവസായബന്ധ സമിതി അംഗങ്ങൾക്കായി ശിൽപശാല ഇന്ന്

തിരുവനന്തപുരം: എച്ച്.ഐ.വി നിയന്ത്രണ പ്രവർത്തനങ്ങൾ തൊഴിൽവകുപ്പിൽ സജീവമാക്കുന്നതിന്റെ ഭാഗമായി പരമ്പരാഗത വ്യവസായങ്ങളിലെയും തോട്ടം മേഖലയിലെയും വ്യവസായബന്ധ സമിതി അംഗങ്ങൾക്കായി ഏകദിന ശില്പശാല സംഘടിപ്പിക്കും. ഇന്ന് (ശനി) രാവിലെ പത്തിന് തൈക്കാട് ഗസ്റ്റ് ഹൗസിൽ നടക്കുന്ന ശില്പശാല തൊഴിൽ വകുപ്പ് മന്ത്രി പി.കെ ഗുരുദാസൻ ഉദ്ഘാടനം ചെയ്യും.

ലേബർ കമ്മീഷണർ എ.ജെ രാജൻ ഐ.എ.എസ് അധ്യക്ഷത വഹിക്കും. കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി പ്രോജക്ട് ഡയറക്ടർ ഡോ.കെ. ഷൈലജ മുഖ്യപ്രഭാഷണം നടത്തും. അഡീഷണൽ പ്രോജക്ട് ഡയറക്ടർ ഡോ. ടി.വി വേലായുധൻ ആശംസയർപ്പിക്കും. തൊഴിൽ വകുപ്പിലെ എച്ച്ഐവി നിയന്ത്രണ പ്രവർത്തനങ്ങളുടെ നോഡൽ ഓഫീസറായ ഡോ. എ.കെ. ശ്രീഹരി സ്വാഗതവും കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി ബോധവത്കരണവിഭാഗം ജോയിന്റ് ഡയറക്ടർ എസ്. അജയ്കുമാർ നന്ദിയും പറയും. തുടർന്ന് എച്ച്ഐവിയുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളെക്കുറിച്ച് ക്ലാസുകൾ ഉണ്ടാകും.

വ്യവസായബന്ധ സമിതികളിൽ മാനേജ്മെന്റിന്റെയും തൊഴിലാളി യൂണിയനുകളുടെയും പ്രതിനിധികൾ അംഗങ്ങളാണ്. അതുകൊണ്ടു തന്നെ ഇവരിലൂടെ ഈ മേഖലകളിൽ ജോലിയെടുക്കുന്നവരിലേക്ക് എച്ച്ഐവി ബോധവത്കരണ, നിയന്ത്രണ പ്രവർത്തനങ്ങൾ എത്തിക്കാൻ സാധിക്കും. കേരളത്തിൽസംഘടിത, അസംഘടിത മേഖലകളിലായി എഴുപതു ലക്ഷത്തോളം തൊഴിലാളികൾ പണിയെടുക്കുന്നുണ്ട്. ഇവരിൽ ഇരുപതു ലക്ഷം തൊഴിലാളികൾ മേൽപ്പറഞ്ഞ മേഖലയിലാണ് പണിയെടുക്കുന്നത്.

*ഈ കുറിപ്പ് താങ്കളുടെ വാർത്തകളിൽ ഉൾപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുന്നു.*

സ്നേഹാദരങ്ങളോടെ

**ജോയിന്റ് ഡയറക്ടർ (ബോധവത്കരണം)**